"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - ചാലക്കുടി മുനിസിപ്പാലിറ്റിയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ജോസഫ്.റ്റി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 543/2025നമ്പർ കേസിലെ 10.04.2025 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1202/2025/LSGD തീയതി,തിരുവനന്തപുരം, 16-05-2025

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16.03.2025 തീയതിയിലെ LSGD/PD/4201/2023-DEB5 നമ്പർ ഉത്തരവ്.(Annexure A 6).
2. ചാലക്കുടി മുനിസിപ്പാലിറ്റിയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ജോസഫ്.റ്റി. സമർപ്പിച്ച 21.03.2025 തീയതിയിലെ നിവേദനം (Annexure A 7).
3. ശ്രീ. ജോസഫ്.റ്റി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 543/2025നമ്പർ കേസിലെ 10.04.2025 തീയതിയിലെ ഇടക്കാല ഉത്തരവ്.
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.05.2025 തീയതിയിലെ LSGD/PD/12609/2025-LL2 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണവകുപ്പിൽ ചാലക്കുടി മുനിസിപ്പാലിറ്റിയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ജോസഫ്.റ്റി., സർക്കാരിൽ സമർപ്പിച്ച പരാമർശം 2 അപ്പീൽ അപേക്ഷ പ്രകാരം സ്ഥലംമാറ്റ കൂലിസ്റ്റ് പ്രകാരം തൃശ്ശൂർ നഗരസഭയിലേക്കു സ്ഥലംമാറ്റത്തിനുള്ള തന്റെ അർഹത പരിഗണിക്കാതെ പരാമർശം 1 ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം വഴി ടി നഗരസഭയിലെ ഒഴിവിൽ നിയമനം നൽകിയ പ്രിൻസിപ്പൽ ഡയറക്ടറുടെ ഉത്തരവ് പുനഃപരിശോധിക്കണമെന്ന് അപേക്ഷിച്ചിരുന്നു. ഇതേ ആവശ്യവുമായി ടിയാൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത

ഒ.എ. 543/2025നമ്പർ കേസിലെ 10.04.2025 തീയതിയിലെ ഉത്തരവ് പ്രകാരം, 3 ഉം 4 ഉം എതിർകക്ഷികളെ സ്ഥാനക്കയറ്റം വഴി തൃശ്ശൂർ കോർപ്പറേഷനിൽ നിയമിച്ച Annexure A6 ഉത്തരവിനെതിരായി അപേക്ഷകൻ സർക്കാരിൽ സമർപ്പിച്ച Annexure A7 അപ്പീൽ അപേക്ഷ പരിശോധിച്ച് അപേക്ഷകനെയും 3 ഉം 4 ഉം എതിർകക്ഷികളേയും നേരിൽ കേട്ട് ആറ് ആഴ്ചയ്ക്കുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു.

2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവിലെ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് ജോയിന്റ് സെക്രട്ടറി 09.05.2025 തീയതിയിൽ അപേക്ഷകനായ ശ്രീ. ജോസഫ്.റ്റി.യേയും, 3 ഉം 4 ഉം എതിർകക്ഷികളും സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്നവരുമായ ശ്രീമതി സന്ധ്യാറാണി ജി.എസ്, ശ്രീ സാംബു എസ്.ജെ,(തൃശ്ശൂർ കോർപ്പറേഷനിലേക്ക് സ്ഥാനക്കയറ്റം വഴി നിയമിതരായവർ) എന്നിവരെയും നേരിൽ കേട്ടു. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിൽ നിന്നുള്ള ബന്ധപ്പെട്ട ഹെഡ് ക്ലർക്കും ഹിയറിംഗിൽ സന്നിഹിതനായിരുന്നു.

3. നേരിൽ കേട്ട സമയത്തെ അപേക്ഷകന്റെ വാദങ്ങൾ പ്രകാരം ചാലക്കുടി നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ 2023 ജൂലായ് മുതൽ സേവനം അനുഷ്ഠിച്ച് വരുന്നതായും, 2024 ലെ ജനറൽ ട്രാൻസ്ഫറിലൂടെ തൃശ്ശൂർ കോർപ്പറേഷനിലേക്ക് സ്ഥലംമാറ്റത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുകയും ക്യൂലിസ്റ്റിൽ 2-ാം നമ്പറായി ഉൾപ്പെട്ടിരുന്നതായും തുടർന്ന് ജനറൽ ട്രാൻസ്ഫറിലൂടെ ക്യൂ ലിസ്റ്റിലെ 1-ാം നമ്പറുകാരനായ ശ്രീ. കണ്ണൻ വി കെ-ക്ക് തൃശ്ശൂർ കോർപ്പറേഷനിലേക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ളതാണ് എന്നും ആയതിനുശേഷമുള്ള ക്യൂ ലിസ്റ്റിൽ 1-ാം നമ്പറുകാരനായ തനിക്ക് തൃശ്ശൂർ കോർപ്പറേഷനിലേക്ക് സ്ഥലംമാറ്റം അനുവദിക്കാതെ 16/03/2025 ലെ ഉത്തരവ് പ്രകാരം പബ്ളിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നൽകി സന്ധ്യാറാണി.ജി.എസ്, ശംഭു.എസ്.ജെ എന്നിവരെ നിയമിച്ചിട്ടുള്ളതാണ് എന്നും അറിയിക്കുകയുണ്ടായി. 2018 മുതൽ കുടുംബത്തോടൊപ്പം (മാതാപിതാക്കൾ ഉൾപ്പെടെ) തൃശ്ശൂർ മണ്ണുത്തിയിൽ താമസിച്ചുവരുന്നതായും ടിയാളുടെ ഭാര്യ മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജിൽ ജോലി ചെയ്തുവരുന്നതായും, 2 സ്ഥലങ്ങളിലായി തങ്ങൾ ജോലി ചെയ്തു വരുന്നതിനാൽ മകളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിന് കഴിയുന്നില്ലായെന്നും കൂടാതെ 78 വയസ്സുള്ള ഭാര്യാപിതാവും മാതാവും ഞങ്ങളുടെ സംരക്ഷണയിലാണ് കഴിയുന്നത് എന്നും അറിയിക്കുന്നു. പരസഹായമില്ലാതെ പ്രാഥമിക ആവശ്യങ്ങൾ പോലും നിർവ്വഹിക്കാൻ പറ്റാതെ കടുത്ത ഷുഗർ രോഗിയായി മുറിവുകൾ ഉണങ്ങാതെ പാലിയേറ്റീവ് കെയറിന്റെ സഹായത്തോടെ നിൽക്കുന്ന പിതാവിനെ പരിചരിക്കുന്നതിനും മകളുടെ വിദ്യാഭ്യാസത്തിനായി വേണ്ട മാനസികവും ഭൗതികവുമായ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ഉത്തരവാദിത്വത്തോടെ തന്റെ ഔദ്യോഗിക പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനുമായി തനിക്ക് തൃശ്ശൂർ കോർപ്പറേഷനിലേക്ക് സ്ഥലംമാറ്റം അനുവദിച്ചു തരണമെന്ന് ശ്രീ. ജോസഫ് അപേക്ഷിക്കുകയുണ്ടായി. .

4. മൂന്നും നാലും എതിർകക്ഷികളായ ശ്രീമതി സന്ധ്യാറാണി ജി എസ്, ശ്രീ സാംബു എസ് ജെ, എന്നിവരുടെ വാദങ്ങൾ പ്രകാരം തങ്ങൾക്ക് സ്ഥാനക്കയറ്റം വഴിയാണ് തൃശ്ശൂർ കോർപ്പറേഷനിൽ നിയമനം ലഭിച്ചതെന്നും ഓപ്ഷൻ നൽകി അല്ലെന്നും അറിയിക്കുകയുണ്ടായി.

5. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 റിപ്പോർട്ട് പ്രകാരം

സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം മുഖേന വന്ന ഒഴിവിലേക്ക് പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1-ൽ നിന്നും സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 വിലേയ്ക്ക് സ്ഥാനക്കയറ്റത്തിലൂടെ ആറ് ജീവനക്കാർക്ക് നിയമനം നൽകിയ 16.03.2025 ലെ ഉത്തരവ് പ്രകാരം ശ്രീ ശംഭു എസ് ജെ, സന്ധ്യാറാണി ജി എസ് എന്നിവരെ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 ൽ നിന്നും സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 വിലേയ്ക്ക് സ്ഥാനക്കയറ്റം വഴി തൃശ്ശൂർ നഗരസഭയിൽ നിയമിച്ച് ഉത്തരവായിരുന്നതായും, 2025 ലെ പൊതുസ്ഥലമാറ്റ അന്തിമ ക്യൂ ലിസ്റ്റ് പ്രകാരം, സ്ഥാനക്കയറ്റം മുഖേന നിയമനം നൽകിയിട്ടുള്ള ജീവനക്കാരുടെ സ്റ്റേഷനിലേയ്ക്ക് അർഹതയുള്ള ജീവനക്കാരെ സ്ഥലംമാറ്റി നിയമിക്കുന്നതിന് വേണ്ടി സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള സ്റ്റേഷനുകൾ 2025 ലെ പൊതുസ്ഥലമാറ്റത്തിൽ പുനഃപരിശോധിയ്ക്കുന്നതാണെന്ന് പ്രസ്തുത ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ് എന്നും റിപ്പോർട്ട് ചെയ്യുന്നു. സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച് തൃശ്ശൂർ നഗരസഭയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ശ്രീ ശംഭു എസ് ജെ, സന്ധ്യാറാണി ജി എസ് എന്നിവരെ പ്രസ്തുത ഉത്തരവിൽ പരാമർശിച്ചത് പ്രകാരം 2025 പൊതുസ്ഥലമാറ്റത്തിൽ ജൂനിയർ കംപൽസറിയായി രേഖപ്പെടുത്തുന്നതും സ്ഥലമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള ജീവനക്കാർക്ക് അവരുടെ അർഹത പരിശോധിച്ച് സ്റ്റേഷൻ സീനിയോറിറ്റി കൂടുതലുള്ള ജീവനക്കാർക്ക് ഓപ്ഷന് വിധേയമായി സ്റ്റേഷൻ അനുവദിക്കുന്നതുമാണ് എന്നറിയിച്ചിട്ടുള്ളതാണ്.

6. 2024-25 സാമ്പത്തിക വർഷത്തിൽ പദ്ധതി നിർവഹണം അന്തിമ ഘട്ടത്തിലായതിനാലും ടി സമയത്തു - ജീവനക്കാർക്ക് സ്ഥലംമാറ്റം അനുവദിച്ചാൽ ആയതു പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാലും പൊതുജനങ്ങൾക്ക് നൽകേണ്ട സേവനങ്ങൾ തടസ്സപ്പെടാതിരിയ്ക്കുന്നതിനും വേണ്ടി പൊതു സ്ഥലമാറ്റം നൽകേണ്ടതില്ലെന്ന് 05.02.25 ലെ LSGD/PD/4183/2025-DED1 സർക്കുലർ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പിൽ 2025 ലെ ഓൺലൈൻ പൊതുസ്ഥലമാറ്റത്തിലേക്കുള്ള നടപടി ആരംഭിച്ചുകൊണ്ട് 13.03.2025 ൽ LSGD/PD/335/2025-DED1 സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചതിന് ശേഷമാണ് 6 ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവായിട്ടുള്ളത്. ഈ സാഹചര്യങ്ങളിൽ, 16.03.2025 മുതൽ ഉണ്ടായ ഒഴിവിലേക്ക് അപേക്ഷകനെ തൃശ്ശൂർ കോർപ്പറേഷനിലേക്ക് മാറ്റുന്നതിന് പരിഗണിക്കാൻ നിർവാഹമില്ലാത്തതാണ്. കൂടാതെ അപേക്ഷകനായ ശ്രീ ജോസഫ് ടി എന്നവർ 2025 പൊതുസ്ഥലമാറ്റത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും പൊതുസ്ഥലമാറ്റ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി അർഹതയ്ക്കനുസരിച്ച് സ്ഥാനക്കയറ്റം ലഭ്യമാകുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

7. സർക്കാർ, ഇക്കാര്യം ശ്രീ. ജോസഫ്.റ്റി. യുടെ അപേക്ഷയുടേയും നേരിൽ കേട്ട സമയത്തെ വാദങ്ങളുടേയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ആയതിന്റെയടിസ്ഥാനത്തിൽ അപേക്ഷകൻ സമർപ്പിച്ച 21.03.2025 ലെ അനുബന്ധം എ 7 അപ്പീൽ പരിഗണനാർഹമല്ലായെന്ന് കണ്ട് നിരസിച്ചുകൊണ്ടും, 2025 ലെ പൊതു സ്ഥലംമാറ്റ സമയത്ത് തൃശ്ശൂർ കോർപ്പറേഷനിലേക്കുള്ള ടിയാന്റെ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ, ടിയാന്റെ യോഗ്യതയ്ക്ക് വിധേയമായി പരിഗണിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും, അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

8. മേൽപ്രകാരം ഒ.എ. 543/2025നമ്പർ കേസിലെ 10.04.2025 തീയതിയിലെ ബഹു

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ശ്രീ. ജോസഫ്.റ്റി., സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2, ചാലക്കുടി മുനിസിപ്പാലിറ്റി (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 16-05-2025 11:35:08

സെക്ഷൻ ഓഫീസർ